(ഇ&എഫ്) പ്രസ്തുത പദ്ധതികളുടെ നവീകരണംമൂലം ഊർജ്ജ ഉൽപ്പാദനം വർദ്ധിക്കത്തക്ക രീതിയിൽ സ്ഥാപിത ശേഷിയിൽ കാര്യമായ വർദ്ധനവുണ്ടായിട്ടില്ല. നിലവിലുള്ള മെഷീനുകൾ മാറ്റി, പുതിയ കാര്യക്ഷമത കൂടിയ മെഷീനുകൾ സ്ഥാപിക്കുകയാണ് ചെയ്തത്.

(ജി) 2007 ജൂലൈ മാസത്തോടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ജനറേറ്റർ മാറ്റി സ്ഥാപിച്ചതിലെ അഴിമതി

50 (941) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് പള്ളിവാസൽ, ചെങ്കുളം, പന്നിയാർ ജലവൈദ്യുത പദ്ധതികളിലെ ജനറേറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടി എസ്. എൻ. സി. ലാവ്‌ലിൻ എന്ന കനേഡിയൻ കമ്പനിക്ക് നൽകിയ 247 കോടി രൂപയുടെ കരാറിൽ വൻ അഴിമതിയുണ്ടായിരുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കരാറിനെപ്പറ്റി വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) 14-3-2003-ലാണ് പ്രസ്തുത അന്വേഷണത്തിന് സർക്കാർ ഉത്തരവായിട്ടുള്ളത്.

വഞ്ചിയം മിനി ഹൈഡ്രോ ഇലക്ട്രിക് പദ്ധതി

51 (942) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ഏതെല്ലാം മിനി ഹൈഡ്രോ ഇലക്ട്രിക് പദ്ധതികളാണ് സ്വകാര്യ മേഖലയുടെ സഹായത്തോടെ നടപ്പിലാക്കാൻ വൈദ്യുതി ബോർഡ് കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) വഞ്ചിയം മിനി ഹൈഡ്രോ ഇലക്ട്രിക് പദ്ധതിയുടെ പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly